# കേരള നിയമസഭ
# 14.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 14, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>ബി.എസ്.യു.പി. പദ്ധതി</u>

*121 ശ്രീ. എ. പ്രദീപ്കുമാർ
,, എം. ഹംസ
,, വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾക്കുള്ള ബി.എസ്.യു.പി. പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എന്തെല്ലാം അടിസ്ഥാന സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതു മൂലം ഫണ്ടിംഗ് ഏജൻസികൾക്ക് പിഴപലിശ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം</u>

*122 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പരമാവധി പ്രവാസികളെ ക്ഷേമപദ്ധതിയുമായി സഹകരിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വിദേശരാജ്യങ്ങളിലെ സ്വദേശിവത്ക്കരണവുമായി ബന്ധപ്പെട്ട് തിരിച്ചുവരേണ്ടിവരുന്നവരുടെ പുനരധിവാസപ്രവർത്തനങ്ങളിൽ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന വിതരണത്തിൽ കുടിശ്ശിക

*123 ശ്രീ. സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കെ. സദാശിവൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വേതനവിതരണം സമയബന്ധിതമായി നടത്തുന്നതിൽ പിഴവ് വരുവാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വേതനം മുടങ്ങിയാൽ തൊഴിലാളികളുടെ അപേക്ഷയില്ലാതെ അവർക്ക് നഷ്ടപരിഹാരം നൽകണമെന്നും, ഈ ബാദ്ധ്യത സംസ്ഥാന സർക്കാർ തന്നെ ഏറ്റെടുക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനപ്രകാരം നഷ്ടപരിഹാരയിനത്തിൽ എന്തു തുക സംസ്ഥാന സർക്കാർ നൽകേണ്ടതായി വന്നു?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വികസന മേഖലയിലെ സ്വകാര്യ പങ്കാളിത്തം</u>

*124 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പി. പി. പി. ആക്റ്റിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഐ. ടി. അധിഷ്ഠിത സേവനങ്ങൾ</u>

*125 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽനിന്ന് പൊതുജനങ്ങൾക്ക് വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ലഭ്യമാക്കിവരുന്ന സേവനങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത ഐ. ടി. അധിഷ്ഠിത സേവനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രത്തോളം ഗുണപരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് പഞ്ചായത്തുകളിൽ നടപ്പിൽവരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പാൻ മസാല നിരോധനം</u>

*126 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻ മസാല നിരോധിച്ചതായി അറിയാമോ;

(ബി) എങ്കിൽ നിരോധനം നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂൾ പരിസരങ്ങളിൽ തദ്ദേശസ്ഥാപന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിരോധനം കർശനമാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നടപടി</u>

*127 ശ്രീ. എം. ഹംസ
,, എളമരം കരീം
,, സി. കൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നാഫെഡിനും കേരഫെഡിനും കഴിയാത്തതിനാൽ നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാളികേരത്തിന് ഏറ്റവും കൂടുതൽ വിളവ് ലഭിക്കുന്ന ഫെബ്രുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ, കൊപ്ര സംഭരണം കാര്യക്ഷമമാക്കാനും കർഷകർക്ക് താങ്ങുവില ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ;

(സി) 2013 ഫെബ്രുവരി മുതൽ ഇതുവരെ കേരഫെഡും നാഫെഡും എത്ര രൂപ നിരക്കിൽ കൊപ്ര സംഭരിച്ചു?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

**കൊടുംവരൾച്ചയിൽ കൃഷിനാശവും വിളനഷ്ടവും സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

*128 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ഇ. പി. ജയരാജൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുംവരൾച്ചയിൽ കൃഷിനാശവും വിളനഷ്ടവും സംഭവിച്ച് ദുരിതമനുഭവിക്കുന്ന കർഷകർക്കായി നഷ്ടപരിഹാര തുക നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ കർഷകർക്ക് തുടർന്ന് കാർഷിക വൃത്തിയിലേർപ്പെടാൻ എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(സി) വരൾച്ചയുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിനോട് എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചിരുന്നത്;

(ഡി) അതിനനുസരിച്ച് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുളളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

*129 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആയതിനുള്ള പണം എങ്ങനെ സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) മാതൃകാ അംഗൻവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പ്രധാന കാർഷിക ഇനങ്ങളെ സാമ്പത്തിക സെൻസസിൽ നിന്നും ഒഴിവാക്കിയ നടപടി</u>

*130 ശ്രീ.സാജു പോൾ
,, കെ.കെ.ജയചന്ദ്രൻ
,, വി.ചെന്താമരാക്ഷൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ, കാപ്പി, തേയില തുടങ്ങിയവയെ കാർഷിക സംരംഭങ്ങളായി ആറാമത് സാമ്പത്തിക സെൻസസിൽ കണക്കാക്കേണ്ടതില്ലെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം വികസന ആസൂത്രണ വേളയിലും പദ്ധതി രൂപീകരണ വേളയിലും ഈ മേഖല അവഗണിക്കപ്പെടാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക സെൻസസിന്റെ പരിധിയിൽ നിന്നും ഇവയെ ഒഴിവാക്കണമെന്ന് എന്യൂമറേറ്റർമാർക്ക് നൽകിയ നിർദ്ദേശങ്ങൾ പിൻവലിപ്പിക്കാനും, അവ ഉൾപ്പെടുത്തി കിട്ടാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കൃഷിയും</u>

*131 ശ്രീ. ബാബു എം. പാലിശ്ശേരി
,, എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ 2013-14 വർഷത്തെ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിനെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ക്ഷീരകർഷകരെയും പരമ്പരാഗത തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തെ കേന്ദ്രനിർദ്ദേശം പ്രതികൂലമായി ബാധിക്കുമോ; വിശദമാക്കുമോ;

(ഡി) കേന്ദ്ര നിർദ്ദേശം പുന:പരിശോധിക്കണമെന്നാവശ്യപ്പെടാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ</u>

*132 ശ്രീ. ബി. ഡി. ദേവസ്സി
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലായെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് നീക്കിവച്ചിരുന്ന ആകെ തുക എത്രയെന്നും നാളിതു വരെ ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നുമറിയിക്കാമോ;

(ഡി) പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകൾ സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അധികാര വികേന്ദ്രീകരണ സൂചിക റിപ്പോര്‍ട്ട്</u>

*133 ശ്രീ. വി. ശിവന്‍കുട്ടി
,, ജി. സുധാകരന്‍
,, ആര്‍. രാജേഷ്
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം പുറത്തിറക്കിയ 2012-13 ലെ അധികാര വികേന്ദ്രീകരണ സൂചിക റിപ്പോര്‍ട്ടില്‍ പ്രവര്‍ത്തന മികവില്‍ സംസ്ഥാനം മൂന്നാം സ്ഥാനത്ത് ആയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തില്‍ പിന്തള്ളപ്പെടാനുണ്ടായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) റിപ്പോര്‍ട്ടിലെ മറ്റ് സൂചകങ്ങളില്‍ സംസ്ഥാനത്തിന്റെ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ പ്രകടനം തുടര്‍ന്നുള്ള വര്‍ഷങ്ങളില്‍ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വയോജന നയം</u>

*134 ശ്രീ. ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജന നയം പ്രഖ്യാപിച്ചത് എന്നാണ്; ഈ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയോജന നയം നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വകുപ്പ് എന്ന് രൂപീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റൊരു പെൻഷനും ലഭിക്കാത്ത വയോജനങ്ങൾക്ക് പെൻഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതി</u>

*135 ശ്രീ. വി.ഡി. സതീശൻ
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് എത്ര നീർത്തടങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംയോജിത നീർത്തട മാനേജ്മെന്റ് പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

വരൾച്ചമൂലം കർഷകർക്കുണ്ടായ നഷ്ടം

*136 ശ്രീ. ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം സംസ്ഥാനത്തെ കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള മാനദണ്ഡപ്രകാരം കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാകുകയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പശ്ചാത്തലത്തിൽ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കത്തക്ക രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) നാളിതുവരെയായി എത്ര രൂപയാണ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; കേന്ദ്ര സർക്കാരിനെ അറിയിച്ച മൊത്തം നഷ്ടം എത്രയായിരുന്നു; ലഭിച്ച കേന്ദ്രസഹായം എത്ര?

# കേരള നിയമസഭ
# 14.06.2013–ലെ മറുപടിക്ക്

<u>കാലപ്പഴക്കമുള്ള കെട്ടിടങ്ങളുടെ സുരക്ഷ</u>

*137 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കാലപ്പഴക്കംചെന്ന ബഹുനില മന്ദിരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇവയിൽ ബലക്ഷയമുണ്ടെന്ന് കണ്ടെത്തുന്നവയുടെ കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കുമോ;

(ഡി) ബഹുനില മന്ദിരങ്ങളുടെ അപകടസാധ്യതകൾ ഒഴിവാക്കാൻ കാലാകാലങ്ങളിൽ പരിശോധനയ്ക്കുള്ള സ്ഥിര സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ശുചിത്വമിഷന്റെ പ്രവര്‍ത്തനം</u>

*138 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, കെ. രാധാകൃഷ്ണന്‍
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശുചിത്വമിഷന്റെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ വിശദാംശങ്ങള്‍ നല്‍കാമോ; സംസ്ഥാനത്തെ മാലിന്യ നിര്‍മ്മാര്‍ജ്ജന പ്രവര്‍ത്തനങ്ങളില്‍ എന്തെല്ലാം ഇടപെടലുകളാണ് 2012-13ല്‍ ശുചിത്വമിഷന്‍ നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഏത് തരം മാലിന്യ നിര്‍മ്മാര്‍ജ്ജന രീതിയ്ക്കാണ് ശുചിത്വമിഷന്‍ മുന്‍ഗണന നല്‍കുന്നത്; അതിനുള്ള കാരണം അറിയിക്കാമോ;

(സി) 2012-13 ല്‍ ശുചിത്വ മിഷന് ബജറ്റില്‍ അനുവദിച്ച തുക എത്ര; അതില്‍ എന്തു തുക ചെലവഴിക്കാന്‍ കഴിഞ്ഞുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നോർക്ക ഇൻഷ്വറൻസ് പദ്ധതി</u>

*139 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതെന്നാണ്, ഇതു വരെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ഈ പദ്ധതിയിലൂടെ മറുനാടൻ മലയാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ വളരെക്കുറച്ച് അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ മറുനാടൻ മലയാളികളെ മുഴുവനും ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഇ–ടെൻഡറിംഗ്

*140 ശ്രീ. ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഇ–ടെൻഡറിംഗ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പ്രവാസീപുനരധിവാസത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ</u>

*141 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യൂ. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ്നാടുകളിലെ സ്വദേശിവത്കരണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികൾക്ക് നാട്ടിലെത്തുന്നതിനും പുനരധിവാസത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പഠിക്കുന്നതിനും അവർക്ക് സഹായം എത്തിക്കുന്നതിനും പ്രത്യേക സംഘത്തെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>നാളികേരത്തിന്റെ താങ്ങുവില</u>

*142 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.കെ. നാരായണൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന് കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില ന്യായമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാളികേര കൃഷിയുടെ ചെലവും വിളവെടുപ്പിലെ കൂലി വർദ്ധനവിനും അനുസൃതമായി താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ലഭിച്ച മറുപടി അറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഓൺലൈൻ കെട്ടിട നിർമ്മാണ അനുമതി

*143 ശ്രീ. എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ ആയി മാറ്റുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ.

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>നീരയുടെയും അനുബന്ധ ഉല്പന്നങ്ങളുടെയും ഉല്പാദനം</u>

*144 ശ്രീ. പി. തിലോത്തമൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരയുടെയും അനുബന്ധ ഉല്പന്നങ്ങളുടെയും ഉല്പാദനം കേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുമോ;

(ബി) നീര ഉല്പാദനത്തിലൂടെ തെങ്ങൊന്നിന് എന്തു വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്ത് പദ്ധതികൾ

*145 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി അംഗീകരിച്ചു നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗനിർദ്ദേശങ്ങൾ എത്ര തവണ പരിഷ്കരിച്ച് പഞ്ചായത്തുകളെ അറിയിക്കേണ്ടിവന്നിട്ടുണ്ട്;

(സി) മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയതുകൊണ്ട് പദ്ധതി നടത്തിപ്പിലെ സുതാര്യത നഷ്ടപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2012-13 സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ സംസ്ഥാനത്തിന് എത്ര ശതമാനം ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.06.2013–ലെ മറുപടിക്ക്

<u>ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നിലവിലുള്ള പദ്ധതികൾ</u>

*146 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ക്ഷീരസംഘങ്ങൾ മുഖേന നടപ്പാക്കിവരുന്ന 'മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി', 'തീറ്റപ്പുൽകൃഷി വികസന പദ്ധതി' എന്നിവ എത്രത്തോളം വിജയകരമായി നടപ്പിലാക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത സംബന്ധിച്ച് ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് എന്തെല്ലാം പരിഹാരനടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) 'ഫോഡർഫാമുകൾ' എവിടെയെല്ലാം പ്രവർത്തിക്കുന്നു; ആയത് കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി</u>

*147 ശ്രീ.കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രവിള ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കാർഷിക വായ്പയിന്മേൽ മൊറട്ടോറിയം</u>

*148 ശ്രീ. ആർ. രാജേഷ്
,, എം. ചന്ദ്രൻ
,, എസ്. ശർമ്മ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനോട് അനുബന്ധിച്ച് നടത്തിയിട്ടുള്ള മറ്റ് പ്രഖ്യാപനങ്ങൾ എന്തൊക്കെയാണ്;

(ബി) വരൾച്ച കണക്കിലെടുത്ത് കർഷകർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സർക്കാർ പ്രഖ്യാപനമുണ്ടായിട്ടും സഹകരണബാങ്കുകൾ ജപ്തി ഉൾപ്പെടെയുള്ള നടപടികളുമായി കർഷകരെ ബുദ്ധിമുട്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ വായ്പാ മൊറട്ടോറിയം നടപ്പിലാക്കാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിൽ തുക പാഴാക്കിയെന്ന സി.എ.ജി. പരാമർശം

*149 ശ്രീ. ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയിൽ തുക പാഴാക്കിയെന്ന സി.എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾ പഠിച്ച് നടപടി സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരാമർശങ്ങൾ പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പദ്ധതി സംബന്ധിച്ചും നിലവിലുള്ള നടത്തിപ്പ് സംബന്ധിച്ചുമുള്ള അപാകതകൾ കണ്ടെത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് കമ്മിറ്റിയുടെ പരിശോധനയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന</u>

*150 ശ്രീ. കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം 2012-2013ൽ സർക്കാർ മുന്നോട്ടുവച്ച ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; അവ നേടാൻ സാധിച്ചുവോ ; വിശദവിവരങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട സാമ്പത്തിക പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ഇതിനായി 2012-2013ൽ സർക്കാർ വിഹിതമായി എന്തു തുക ചെലവഴിക്കപ്പെട്ടു ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 5.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ ചട്ടം 47(1)].